# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 92 — 20/03/2012 ൽ മറുപടിക്ക്

## അദ്ധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അദ്ധ്യാപക പാക്കേജ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) അദ്ധ്യാപക പാക്കേജ് പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. എന്നാൽ പാക്കേജിലെ നിർദ്ദേശങ്ങൾ ക്രമത്തിൽ നടപ്പിലാക്കിവരുന്നു. വർഷങ്ങളായി ശമ്പളമില്ലാതെ ജോലി നോക്കിവരുന്ന അദ്ധ്യാപകർക്ക് 01/06/2011 മുതൽ നിയമനാംഗീകാരം നൽകി ശമ്പളം നൽകുന്നതിനുള്ള ഉത്തരവ് നൽകുകയും അതനുസരിച്ച് 90%ത്തിലധികം അദ്ധ്യാപകർക്കും ശമ്പളം നൽകി കഴിഞ്ഞു. പരാതിയുള്ള കേസുകൾ പരിശോധിച്ച് അവയും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് പകരം പി.എസ്.സി-യിൽ നിന്നുള്ള അദ്ധ്യാപകരെ നിയമിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. 15/07/1997 മുതൽ റഗുലർ തസ്തികയിൽ ജോലി നോക്കുകയും കുട്ടികളുടെ കുറവ് മൂലം പുറത്തുപോകുകയും ചെയ്ത പ്രൊട്ടക്ഷന് അർഹതയില്ലാത്ത അദ്ധ്യാപകരുടെ ലിസ്റ്റ് ഇതിനകം തന്നെ തയ്യാറാക്കി Retrenched list ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. ട്രെയിനിംഗ് ലഭിക്കുന്ന അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിലൂടെ പുനർ നിയമനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജില്ലാതലത്തിൽ അദ്ധ്യാപക ബാങ്ക് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (ബി) | ഇല്ല |
| (സി) | അടുത്ത അദ്ധ്യായന വർഷത്തിൽ അദ്ധ്യാപക ബാങ്കിലുള്ളവർക്ക് പൂർണ്ണമായും നിയമനം ലഭിക്കുമോ; | (സി) | അദ്ധ്യാപക ബാങ്കിലുള്ള മുഴുവൻ അദ്ധ്യാപകർക്കും അടുത്ത അദ്ധ്യായന വർഷത്തിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്ര വിദ്യാഭ്യാസ നിയമത്തിലെ ടി.ഇ.ടി. സംസ്ഥാനത്തെ നിലവിലുള്ള അദ്ധ്യാപകർക്ക് നടപ്പിലാക്കുമോ; | (ഡി) | കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം പ്രസ്തുത നിയമം നടപ്പിൽവന്ന 2010 മുതൽ NCTE യുടെ നിർദ്ദിഷ്ട യോഗ്യതയില്ലാത്ത അദ്ധ്യാപകർ പ്രസ്തുത യോഗ്യത കരസ്ഥമാക്കേണ്ടതാണ്. ആയതിലേക്ക് അഞ്ച് വർഷത്തെ സമയ പരിധി അനുവദിച്ചിട്ടുണ്ട്. TET, NCTE യുടെ നിർദ്ദിഷ്ട യോഗ്യതയിൽപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിത്തുടങ്ങിയത് 2011-12 അദ്ധ്യായന വർഷംമുതലാണ് ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് സർവ്വീസിൽ നിലവിലുള്ള അദ്ധ്യാപകരെ TET പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരിക്കയാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | സെറ്റ് പാസ്സായ അദ്ധ്യാപകർക്ക് ടി.ഇ.ടി ബാധകമാക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ഹയർ സെക്കന്ററി അദ്ധ്യാപക നിയമന തസ്തികയുടെ പ്രവേശന യോഗ്യതയായ SET പാസ്സായ അദ്ധ്യാപകരെ TET പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ചും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ അനുമതി തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ